ത്തിലെ ശുദ്ധജലക്ഷാമത്തിന് പരിഹാരമുണ്ടാകും. പ്രസ്തുത പദ്ധതിയുടെ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി താല്ക്കാലിക ബണ്ടുകൾ കെട്ടിയും ഇൻഫിൽട്രേഷൻ ഗ്യാലറിയിലെ അറ്റകുറ്റപ്പണികൾ തീർത്തും സ്രോതസ്സ് വർദ്ധിപ്പിക്കുക, വലിപ്പം കുറഞ്ഞ പൈപ്പുകൾ മാറ്റി വലിപ്പം കൂടിയവ സ്ഥാപിക്കുക, ട്രാൻസ്ഫോമറുകളും ബൂസ്റ്ററുകളും സ്ഥാപിക്കുക എന്നീ പണികൾ പൂർത്തിയാകുന്നതോടുകൂടി കോഴിക്കോട് നഗരത്തിലെ കുടിവെള്ള ക്ഷാമത്തിനു താൽക്കാലിക പരിഹാരം ഉണ്ടാകും. എന്നാൽ ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനായി എൽ.ഐ.സി.യുടെ സാമ്പത്തിക സഹായത്തോടെ കോഴിക്കോട്ടു നഗര ശുദ്ധജല വിതരണ പദ്ധതിയുടെ ഇടക്കാല വിപുലീകരണം രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു. 1-ാം ഘട്ടത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. 2-ാം ഘട്ടത്തിന്റെ പണി ആരംഭിച്ചു കഴിഞ്ഞു. 2001 മാർച്ചു മാസത്തോടെ പണി പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു. ജപ്പാനിലെ ധനകാര്യ ഏജൻസിയായ ഒ.ഇ.സി. എഫിന്റെ സാമ്പത്തിക സഹായത്തോടെ കോഴിക്കോട് നഗര ശുദ്ധജല വിപുലീകരണ പദ്ധതി ആരംഭിക്കുന്നതിനുള്ള സ്ഥലമെടുപ്പ് പണി പുരോഗമിച്ചു വരുന്നു. പ്രസ്തുത പദ്ധതി 2003 ഡിസംബറിൽ കമ്മിഷൻ ചെയ്യുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതികളെല്ലാം പൂർത്തിയാകുന്നതോടുകൂടി കോഴിക്കോട്ടു നഗരത്തിലെയും സമീപ പ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരമുണ്ടാകും.

(സി) മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ തുകയും സ്ഥലവും ലഭ്യമാകുന്നതിനനുസരിച്ച് പദ്ധതികൾ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

27 (1670) ശുദ്ധജലത്തിന്റെ ദുരുപയോഗം

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി ശുദ്ധജലത്തിന്റെ ദുരുപയോഗം നടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വരൾച്ചകാലത്ത് ശുദ്ധജല ഉപയോഗം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ശുദ്ധജലത്തിന്റെ ദൗർലഭ്യം ഒഴിവാക്കാൻ വാട്ടർ അതോറിറ്റി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ശുദ്ധജലത്തിന്റെ ദൗർലഭ്യം ഒഴിവാക്കുന്നതിനും വേണ്ടി മുൻകാലങ്ങളിൽ ഏറ്റെടുത്ത് പണികൾ നടത്തിവന്നിരുന്നതും എന്നാൽ പൂർത്തീകരിക്കാത്തതുമായ പദ്ധതികളുടെ പണികൾ ത്വരിതപ്പെടുത്തി എത്രയും വേഗം പൂർത്തീകരിക്കുക, നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക, ഉറവിട വിപുലീകരണം നടത്തുക, സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ നീട്ടുക, നിലവിലുള്ള പദ്ധതികളിലെ അറ്റകുറ്റപ്പണികൾ

LIBRARY ARCHIVES Kerala Legislative Assembly

യഥാസമയം തീർക്കുക, ഷിഫ്റ്റുകളുടെ എണ്ണം വർദ്ധിപ്പിച്ച് പമ്പിംഗ് കൂട്ടുക, പഴയതും ശേഷി കുറഞ്ഞതുമായ പമ്പുസെറ്റുകൾക്ക് പകരം പുതിയശേഷി കൂടിയവ സ്ഥാപിക്കുക, വാൽവ്. കൺട്രോൾ മുഖേന ലഭ്യമായ ജലം എല്ലാ ഭാഗത്തും എത്തിക്കുക, വോൾട്ടേജ് കുറവായ സ്ഥലത്ത് വോൾട്ടേജ് ബൂസ്റ്ററും, ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുക തുടങ്ങിയ നടപടികളെടുത്തുവരുന്നു. കൂടാതെ ഈ വർഷത്തെ വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 45 കോടി രൂപയ്ക്കുള്ള വിവിധ പദ്ധതികളുടെ രൂപരേഖ തയ്യാറാക്കി. ഇത് സർക്കാരിന്റെ പരിഗണനയിലാണ്.

28 (1671) വാട്ടർ അതോറിറ്റിയുടെ ജലവിതരണത്തിൽനിന്നും ലഭിക്കുന്ന വരവ് ചെലവ്

ശ്രീ. പാലോട് രവി :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വാട്ടർ അതോറിറ്റിക്ക് ജലവിതരണത്തിൽ നിന്നും പ്രതിവർഷം എന്ത് തുക വരവുണ്ട്;

(ബി) വാട്ടർ അതോറിറ്റിയുടെ ജലവിതരണ പദ്ധതികൾക്കായി 1998 ഡിസംബർ 31 വരെ എന്ത് തുക നിക്ഷേപിച്ചിട്ടുണ്ട്;

(സി) ഈ തുകയ്ക്ക് പലിശയിനത്തിൽ എന്ത് തുക കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) വാട്ടർ അതോറിറ്റിക്കുവേണ്ടി ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ഉൾപ്പെടെ ഒരു വർഷം എന്ത് തുക ചെലവുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിക്ക് ജലവിതരണത്തിൽ നിന്നും വാട്ടർ ചാർജ്ജിനത്തിൽ 1998-99 വർഷം ഫെബ്രുവരി അവസാനംവരെ 6270.32 ലക്ഷം രൂപ വരവുണ്ട്.

(ബി) വാട്ടർ അതോറിറ്റിയുടെ ജലവിതരണ പദ്ധതികൾക്കായി നടപ്പു സാമ്പത്തികവർഷം ഡിസംബർ 31 വരെ കേരള സർക്കാർ 9100 ലക്ഷം രൂപ നിക്ഷേപിച്ചിട്ടുണ്ട്.

(സി) മേൽ തുകയിൽ 3199 ലക്ഷം രൂപ ലോണായിട്ടാണ് നൽകിയിട്ടുള്ളത്. ഈ തുക പ്രതിമാസം 17% പലിശനിരക്കിൽ തിരിച്ചു നൽകണമെന്നാണ് വ്യവസ്ഥ. ഇത് പ്രതിവർഷം 544 ലക്ഷം രൂപ വരും.

(ഡി) വാട്ടർ അതോറിറ്റിക്ക് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, അലവൻസ്, പവർ ചാർജ്ജ്, ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് എന്നീ ഇനത്തിൽ 1998-99 വർഷം 148.82 കോടി രൂപ ചെലവായതായി പ്രൊവിഷണലായി കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly